# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/185/2017 <u>പത്രക്കുറിപ്പ്</u> 2017 ആഗസ്റ്റ് 31

**ഇന്നത്തെ സിൻഡിക്കേറ്റ് യോഗ തീരുമാനങ്ങൾ**

1) വൈസ് ചാൻസലറുടെ ശുപാർശ പരിഗണിച്ച്, സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ പ്രൊഫസർ ഡോ. സാബു തോമസിനെ മഹാത്മാഗാന്ധി സർവ്വകലാശാലാ പ്രൊ വൈസ് ചാൻസലറായി നിയമിക്കുവാൻ ഇന്നത്തെ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.
2) എം. ജി സർവ്വകലാശാലാ സ്വാശ്രയ സ്ഥാപനങ്ങളിലെ അധ്യാപകർക്ക് ശമ്പളകുടിശ്ശിക നൽകുന്നതുമായി ബന്ധപ്പെട്ട കേസിൽ വൈസ്ചാൻസലറെ ഹൈക്കോടതിയിൽ വിളിച്ചുവരുത്തിയതുമായി ബന്ധപ്പെട്ട് സർവ്വകലാശാലാ തലത്തിലു ായ വീഴ്ചകളെപ്പറ്റി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സിൻഡിക്കേറ്റംഗം ഡോ. എ. ജോസ് കൺവീനറായ സിൻഡിക്കേറ്റ് ലീഗൽ കമ്മറ്റിയെ ചുമതലപ്പെടുത്തി.
3) ചട്ടവിരുദ്ധമായി പരീക്ഷ നടത്തിയ തേവര എസ്. എച്ച് കോളേജിലെ ബിരുദ വിദ്യാർത്ഥികളുടെ മാർക്ക്ലിസ്റ്റുകൾക്കും റഗുലേഷനും വിദ്യാർത്ഥികളുടെ ഭാവിയെകരുതി അംഗീകാരം നൽകുവാൻ തീരുമാനിച്ചു. സർവ്വകലാശാലാ ചട്ടങ്ങൾക്ക് വിരുദ്ധമായി പരീക്ഷ നടത്തിയതിന് ഈ കോളേജിന് 10 ലക്ഷം രൂപ പിഴചുമത്തുവാനും പ്രിൻസിപ്പലിനെ ശക്തമായി താക്കീത് ചെയ്യുവാനും തീരുമാനിച്ചു.
4) തേവര എസ്. എച്ച് കോളേജിൽ 2014 – 16 ൽ പഠനം നടത്തിയ പി.. ജി. വിദ്യാർത്ഥികളുടെ പരീക്ഷ, ഇവാല്യൂവേഷൻ, ഗ്രേഡിംഗ് എന്നിവ സർവ്വകലാശാലയുടെ റഗുലേഷന് വിരുദ്ധമായി നടത്തിയതിന് അംഗീകാരം നൽകുന്നതു സംബന്ധിച്ച അന്തിമ തീരുമാനത്തിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.

യോഗത്തിൽ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിച്ചു.

**പ്രൊഫ. സാബു തോമസ് എം. ജി. യിൽ പി. വി. സി യായി ചുമതലയേറ്റു**

മഹാത്മാഗാന്ധി സർവ്വകലാശാലാ പ്രൊ വൈസ് ചാൻസലറായി എം. ജി യിലെ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആന്റ് നാനോ ടെക്നോളജി ഡയറക്ടറും സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ പ്രൊഫസറുമായ ഡോ. സാബു തോമസ് ചുമതലയേറ്റു. സർവ്വകലാശാലാ അധ്യാപകനായി 30 വർഷത്തെ പരിചയമുള്ള ഇദ്ദേഹം പോളിമർ സയൻസിൽ ലോകപ്രശസ്ത ശാസ്ത്രജ്ഞനും, ഈ രംഗത്തെ അതുല്യ നേട്ടങ്ങളുടെ ഉടമയുമാണ്. നാനോ മെഡിസിൻ, ഗ്രീൻ ടെക്നോളജി, തുടങ്ങിയ മേഖലകളിൽ ഇദ്ദേഹത്തിന്റെ സംഭാവനകൾ ശ്രദ്ധേയമാണ്. ഇന്ത്യയിലെ മുൻനിര ശാസ്ത്രജ്ഞരുടെ പട്ടികയിൽ അഞ്ചാം സ്ഥാനത്തിനുടമായാണ് ഇദ്ദേഹം. ര ു വിദേശ സർവ്വകലാശാലകളുടെ ഡോക്ടർ ഓഫ് സയൻസ് ബിരുദത്തിനർഹനായ ഇദ്ദേഹം അന്തർദേശീയമായി നിരവധി പുരസ്കാരങ്ങൾ നേടിയെടുത്തിട്ടു ്.

700ൽ അധികം ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടു ്. 79 പി. എച്ച്. ഡി ബിരുദങ്ങൾക്ക് ഗവേഷണ ഗൈഡായി പ്രവർത്തിക്കുകയും, ഗവേഷണ നിലവാരത്തിന്റെ സൂചികയായ എച്ച് – ഇൻഡക്സ് 80 നേടുകയും, നിരവധി ദേശീയ അന്തർദേശീയ സെമിനാറുകൾക്ക് നേതൃത്വം നൽകുകയും ചെയ്തിട്ടു ്. ഭാര്യ ഡോ. ആൻ. ജോർജ്ജ് കോഴിക്കോട് മെഡിക്കൽ കോളേജിൽ അസോസിയേറ്റ് പ്രൊഫസറും മകൻ കുസാറ്റിൽ എം. ടെക് വിദ്യാർത്ഥിയും, മകൾ എം. ബി. ബി. എസ് വിദ്യാർത്ഥിനിയുമാണ്.

**എം. ജി. പി. ജി. ഏകജാലകം : ആദ്യ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അർഹരായവർ സെപ്റ്റംബർ 8 ന് വൈകിട്ട് 4 മണിക്ക് മുൻപായി പ്രവേശനം നേടണം**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഏകജാലകം വഴി 2017ൽ പി. ജി. പ്രവേശനത്തിന് ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. പ്രവേശനത്തിന് അർഹത ലഭിച്ച അപേക്ഷകർ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് ഓൺലൈനായി സർവ്വകലാശാല അക്കൗ ിൽ വരേ ഫീസടച്ച് സെപ്റ്റംബർ 8 ന് വൈകുന്നേരം നാലു മണിക്കു മുൻപായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഹാജരായി പ്രവേശനം നേടേ താണ്. സെപ്റ്റംബർ 8 ന് വൈകുന്നേരം നാലു

മണിക്കു മുൻപായി ഫീസ് അടക്കാത്തവരുടെയും ഫീസടച്ചശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്. തുടർന്നുള്ള അലോട്ട്മെന്റിൽ ഇവരെ പരിഗണിക്കുന്നതല്ല.

താത്കാലിക പ്രവേശനം നേടുന്നവർ തങ്ങളുടെ അലോട്ട്മെന്റ് മെമ്മോയും അസ്സൽ സാക്ഷ്യപത്രങ്ങളും പരിശോധനക്കു ശേഷം തിരിച്ചു വാങ്ങേ താണ്. ഇവർ കോളേജുകളിൽ പ്രത്യേകമായി ഫീസ് അടക്കേ തില്ല. എന്നാൽ ഓൺലൈനായി നിശ്ചിത സർവ്വകലാശാലാ ഫീസ് അടക്കേ താണ്.

അപേക്ഷകൻ തനിക്ക് ലഭിച്ച അലോട്ട്മെന്റിൽ തൃപ്തനാണെങ്കിൽ തുടർ അലോട്ട്മന്റിൽ പരിഗണിക്കപ്പെടാതിരിക്കാനായി അവശേഷിക്കുന്ന ഹയർ ഓപ്ഷനുകൾ റദ്ദാക്കേ താണ്. ഹയർ ഓപ്ഷനുകൾ റദ്ദാക്കുന്നതിനുള്ള സൗകര്യം സെപ്റ്റംബർ 9 മുതൽ 11 വരെ ലഭ്യമാണ്. ഉയർന്ന ഓപ്ഷനുകൾ നിലനിർത്തിയാൽ തുടർന്നുള്ള അലോട്ട്മെന്റിൽ മാറ്റം വന്നേക്കാം. ഇപ്രകാരം ലഭിക്കുന്ന പുതിയ അലോട്ട്മെന്റ് നിർബന്ധമായി സ്വീകരിക്കേ താണ്. ആദ്യം ലഭിച്ച അലോട്ട്മെന്റ് നഷ്ടപെടുകയും ചെയ്യും. സെപ്റ്റംബർ9 മുതൽ 11 വരെ ഓപഷനുകൾ പുന: ക്രമീകരിക്കാം.

ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകർക്ക് ര ാം അലോട്ട്മെന്റ് വരെ താത്കാലികമായി പ്രവേശനം നേടാം. ഹയർ ഓപ്ഷനുകൾ നിലനിർത്തുവാൻ ആഗ്രഹിക്കുന്നവർ ഒഴികെയുള്ളവർ നിശ്ചിത ട്യൂഷൻ ഫീസടച്ച് സ്ഥിര പ്രവേശനം നേടേ താണ്.

കോളേജുകളിൽ പ്രവേശനത്തിനായി റിപ്പോർട്ട് ചെയ്യുന്നവർ പ്രവേശനത്തിനു ശേഷം 'കൺഫർമേഷൻ സ്ലിപ്' ചോദിച്ചു വാങ്ങി പ്രവേശനം സംബന്ധിച്ച വിവരങ്ങൾ അപ്‌ലോഡ് ചെയ്തിട്ടു ന്ന് ഉറപ്പുവരുത്തേ തുമാണ്. വിവിധ പ്രോഗ്രാമുകളിലേക്ക് നിശ്ചയിച്ചിരിക്കുന്ന ട്യൂഷൻ ഫീസ് സംബന്ധിച്ച വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ : 0481 6555563, 2733379, 2733581.

**എം. ജി ബിരുദ ഏകജാലകം : രണ്ടാം ഫൈനൽ അലോട്ട്മെന്റിന്റെ ഒന്നാം ഘട്ട അലോട്ട്മെന്റ് ഇന്ന് (സെപ്റ്റംബർ 1) പ്രസിദ്ധീകരിക്കും. അർഹരായവർ സെപ്റ്റംബർ 9 ന് വൈകിട്ട് 4 മണിക്ക് മുൻപായി പ്രവേശനം നേടണം**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഏകജാലകം വഴി 2017 ൽ ബിരുദ പ്രവേശനത്തിന് ര ാം ഫൈനൽ അലോട്ട്മെന്റിന്റെ ഒന്നാം ഘട്ട അലോട്ട്മെന്റ് ഇന്ന് (സെപ്റ്റംബർ 1) പ്രസിദ്ധീകരിക്കും. പ്രവേശനത്തിന് അർഹത ലഭിച്ച അപേക്ഷകർ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് ഓൺലൈനായി സർവ്വകലാശാല അക്കൗ ിൽ വരേ ഫീസടച്ച് സെപ്റ്റംബർ 9 ന് വൈകുന്നേരം നാലു മണിക്കു മുൻപായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഹാജരായി പ്രവേശനം നേടേ താണ്. സെപ്റ്റംബർ 9 ന് വൈകുന്നേരം നാലു മണിക്കു മുൻപായി ഫീസ് അടക്കാത്തവരുടെയും ഫീസടച്ച ശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

**പരീക്ഷാഫലം**

സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസ് 2016 ഒക്ടോബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം. ബി. എ (സി. എസ്. എസ് - റഗുലർ/ഇംപ്രൂവ്മെന്റ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

**പി. എച്ച്. ഡി പ്രോഗ്രാം**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആന്റ് നാനോ ടെക്നോളജിയും സി. എസ്. ഐ. ആർ. ലാബ് ആയ കാരക്കുടി സെൻട്രൽ ഇലക്ട്രോകെമിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും സഹകരിച്ച് നടത്തുന്ന പ്രോജക്റ്റിൽ പി. എച്ച്. ഡി പ്രോഗ്രാമിൽ പ്രവേശനത്തിന് ഫിസിക്സ്, കെമിസ്ട്രി, മെറ്റീരിയൽ സയൻസ്, എഞ്ചിനിയറിംഗ് എന്നീ മേഖലകളിൽ നിന്നും സി. എസ്. ഐ. ആർ/യൂ. ജി. സി. ഫെലോഷിപ്പിന് അർഹരായവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അർഹരായ അപേക്ഷകർ വിശദമായ ബയോഡാറ്റ sabuthomas@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിൽ സെപ്തംബർ 15 നകം അയയ്ക്കണം. ഫോൺ : 9447 149 547.

**എം ജി -യുടെ ജൈവ സാക്ഷരത യഞ്ജം : ഒന്നാംഘട്ടമായി 110 ക്യാമ്പുകൾക്ക് തുടക്കമായി**

മഹാത്മാ ഗാന്ധി സർവ്വകലാശാല നടപ്പിലാക്കുന്ന ജൈവസാക്ഷരത യഞ്ജത്തിന്റെ ഒന്നാംഘട്ടമായി കോട്ടയം ജില്ലയിലെ 110 സപ്തദിന ക്യാമ്പുകൾക്ക് തുടക്കമായി. ജൈവ കൃഷി രീതികളിൽ പരിശീലനം നേടിയ നാഷണൽ സർവ്വീസ് സ്കിം 10000 ൽ പരം നാഷണൽ സർവ്വീസ് സ്കീം വോള ിയർമാർ വീടുകൾ തോറും കയറിയിറങ്ങി ജൈവ ബോധവൽകരണം നടത്തും.

ജൈവ പച്ചക്കറി കൃഷിക്കൊരു മാർഗ്ഗരേഖ എന്ന കൈപുസ്തകം നൽകും. കൃഷി, പച്ചക്കറി ഉപയോഗം തുടങ്ങി വിഷയങ്ങളെക്കുറിച്ചുള്ള വിവരശേഖരണവും നടത്തും. ഇതിനായി മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗപ്പെടുത്തും. ആൻഡ്രോയ്ഡ് ഫോണിലൂടെയാണ് വിദ്യാർത്ഥികൾ സർവ്വെ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നത്. സർവ്വെ വിവരങ്ങൾ തൽസമയം ഉന്നതാധികാരികൾക്കും സർക്കാറിനും ലഭ്യമാക്കും.

എൻ എസ് എസ്-ന്റെ സ്പെഷ്യൽ ക്യാമ്പിങ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയാണ് ജൈവ ബോധന പ്രക്രിയുടെ പ്രാരംഭ ഘട്ടം പൂർത്തിയാക്കുക.

പൊതു പ്രചാരണത്തിന്റെ ഭാഗമായി വിളംബര കലാജാഥകൾ, ജൈവ പ്രചാരണ നാട്ടുകൂട്ടങ്ങൾ, ഫ്ളാഷ് മോബ്, നാടൻ കലാരൂപങ്ങൾ തുടങ്ങിയവ വിവിധ കേന്ദ്രങ്ങളിൽ അരങ്ങേറും.

**എം. ജി. സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ടിൽ ന്യൂ ഇന്ത്യാ മന്ഥൻ ആചരണം.**

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്പ്മെന്റ് സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ ക്വിറ്റിന്ത്യാ പ്രസ്ഥാനത്തിന്റെ 75-ാം വാർഷികവും സ്വാതന്ത്ര്യലബ്ധിയുടെ 70-ാം വാർഷികവും ന്യൂ ഇന്ത്യാ മന്ഥൻ എന്ന പേരിൽ ഓഗസ്റ്റ് 25 മുതൽ 30 വരെ വിവിധ പരിപാടികളോടെ ആഘോഷിച്ചു. ഇതോനുബന്ധിച്ച് സിൻഡിക്കേറ്റംഗ് ഡോ. എ. ജോസിന്റെ അദ്ധ്യക്ഷതയിൽ നടത്തിയ സമ്മേളനം ഐ. ക്യൂ. എ. സി. ഡയറക്ടർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. ഡോ. അനന്തകുമാർഗിരി, ഡോ. സി. ആർ. ഘരിലക്ഷ്മീന്ദ്രകുമാർ, കെ. എ. മഞ്ജുഷ, പി. ജി. സുരേന്ദ്രൻ എന്നിവർ സംസാരിച്ചു. വാരാചരണത്തിന്റെ ഭാഗമായി മൂന്നാറിലേക്ക് പ്രകൃതി പഠനയാത്ര, വിവിധ വിഷയങ്ങളിൽ പ്രഭാഷണങ്ങളും, പ്രബന്ധരചനാ മത്സരം, ക്വിസ് മത്സരം എന്നിവയും സംഘടിപ്പിച്ചു. വൈസ്ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്ത സമാപനയോഗത്തിൽ ഡോ. പി. എസ്. സുകുമാരൻ, ഡോ. രാജേന്ദ്രൻ കോമത്ത്, ഡോ. കെ. എം. ജോർജ്ജ് എന്നിവർ സംസാരിച്ചു.

**അടിക്കുറിപ്പ്**

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ടിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ന്യൂ ഇന്ത്യ മന്ഥൻ വാരാചരണത്തിന്റെ സമാപനസമ്മേളനത്തിൽ വൈസ്ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ സംസാരിക്കുന്നു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**